## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1868 | 01.02.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

### കേരളാ പബ്ലിക് സർവീസ് കമ്മീഷനെതിരായുള്ള കേസ്സുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിന്<br>ശ്രീ.മോൻസ് ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വിവിധ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ ചെലവിട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | എ) | 62,88,700/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| ബി) ഇക്കാലയളവിൽ പി എസ് സിക്ക് എതിരെ ഉദ്യോഗാർത്ഥികൾ നൽകിയ എത്ര കേസുകൾ ഉണ്ട്; അതിൽ പി എസ് സി ക്ക് എതിരായി വിധി വന്നത് എത്രയെണ്ണമുണ്ട്; വിശദാംശം ലഭ്യമാക്കാമോ;<br><br>സി) വിധി എതിരായി വന്ന എത്ര കേസ്സുകളിൽ പി എസ് സി മേൽക്കോടതികളിൽ അപ്പീൽ പോയിട്ടുണ്ട്; അവയെല്ലാം വിജയിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി)<br>&<br>സി) | 2013-17 കാലയളവിൽ പി.എസ്.സി ക്ക് എതിരെ ഉദ്യോഗാർത്ഥികൾ 3819 കേസുകൾ ബഹു.കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എന്നിവിടങ്ങളിലായി നൽകിയിട്ടുണ്ട്. പി.എസ്.സി ക്ക് എതിരെ വിധി വന്ന 141 കേസുകളിൽ കമ്മീഷൻ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അതിൽ 79 കേസുകൾ കേരളാ ഹൈക്കോടതി, ബഹു.സുപ്രീംകോടതി എന്നിവിടങ്ങളിൽ തീർപ്പാക്കാനുണ്ട്. അപ്പീൽ ഫയൽ ചെയ്ത കേസുകളിൽ ഭൂരിപക്ഷത്തിലും കമ്മീഷൻ വിജയിച്ചിട്ടുണ്ട്. ബഹു.സുപ്രീം കോടതി വിധി പ്രകാരം 2 കേസുകളിൽ വിധി നടപ്പിലാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ കേസുകൾക്ക പുറമേ ബഹു.കേരളാ ഹൈക്കോടതിയിലും ബഹു.സുപ്രീം കോടതിയിലുമായി ഉദ്യോഗാർത്ഥികൾ പരാജയപ്പെടുന്ന കേസുകളിൽ അവർ അപ്പീൽ ഫയൽ ചെയ്യാറുണ്ട്. അതിൽ പല കേസുകളിലും കമ്മീഷൻ വിജയിച്ചിട്ടുള്ളതും ചില കേസുകൾ ഇപ്പോഴും കോടതിയുടെ പരിഗണനയിലുമാണ്. |

ഡി) പി എസ് സി പരാജയപ്പെട്ട കേസുകളിൽ ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റുകളിൽ അർഹമായ സ്ഥാനം എങ്ങനെയാണ് നിലവിൽ നൽകുന്നത്; അവർക്ക് സീനിയോറിറ്റി നഷ്ടമാകുമോ;

ഡി) പി.എസ്.സി പരാജയപ്പെട്ട കേസുകളിൽ കോടതി ഉത്തരവു പ്രകാരം റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തേണ്ടി വരുമ്പോൾ അവർക്ക് ഒ.എം.ആർ/ എഴുത്തുപരീക്ഷ/പ്രാക്ടിക്കൽ ടെസ്റ്റ് എന്നിവയിൽ ഏത് അടിസ്ഥാനമാക്കിയാണോ റാങ്ക് പട്ടിക തയ്യാറാക്കുന്നത് അതിൽ ലഭിച്ച മാർക്ക് അടിസ്ഥാനമാക്കി റാങ്ക് പട്ടികയിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തി കൂട്ടിച്ചേർക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം ഉൾപ്പെടുത്തുന്നവരുടെ സീനിയോറിറ്റി സംബന്ധിച്ച് ബന്ധപ്പെട്ട കോടതി ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം തീരുമാനമെടുത്താണ് സീനിയോറിറ്റി നൽകുന്നത്.

ഇ) ഉദ്യോഗാർത്ഥികൾക്ക് അർഹതയുള്ള റാങ്ക് യഥാസമയത്ത് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നഷ്ടമായ സീനിയോറിറ്റി തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ;

ഇ) സീനിയോറിറ്റി നൽകുന്നത് പാർട്ട് II KS&SSR 1958 ലെ ചട്ടം 27 അടിസ്ഥാനമാക്കിയും അതത് കേസുകളിൽ ബന്ധപ്പെട്ട കോടതി ഉത്തരവിൻപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ്.

സെക്ഷൻ ഓഫീസർ